പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 35** **12-10-2026-ൽ മറുപടിയ്ക്ക്**

**ഒല്ലൂർ നിയോജക മണ്ഡലത്തിൽ ശക്തമായ കാറ്റിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്കുള്ള അടിയന്തര ധനസഹായം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ഒല്ലൂർ നിയോജക മണ്ഡലത്തിലെ പൂച്ചെട്ടി, നടത്തറ, കൊഴുക്കുള്ളി തുടങ്ങിയ പ്രദേശങ്ങളിൽ 30-09-2026-ന് ഉണ്ടായ ശക്തമായ കാറ്റിനെ തുടർന്ന് നിരവധി വീടുകൾക്കും വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾക്കും കൃഷിക്കും വൃക്ഷങ്ങൾക്കും വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഒല്ലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പൂച്ചെട്ടി, നടത്തറ, കൊഴുക്കുള്ളി തുടങ്ങിയ പ്രദേശങ്ങളിൽ 30-09-2026-ൽ ശക്തമായ കാറ്റും മഴയുംമൂലം നാശനഷ്ടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**(ബി)** പ്രസ്തുത ദുരന്തത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ വീടുകൾ, വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾ, കൃഷി, വൃക്ഷങ്ങൾ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ആകെ കണക്കാക്കിയ നഷ്ടത്തിന്റെ തുക എത്രയാണെന്നും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

**മറുപടി:** പ്രസ്തുത തീയതിയിൽ മേൽപറഞ്ഞ പ്രദേശങ്ങളിൽ ശക്തമായ കാറ്റോ മഴയോമൂലം നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രത്യേക കണക്കെടുപ്പുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

**(സി)** കേരളത്തിൽ ചുഴലിക്കാറ്റിനേക്കാൾ കുറഞ്ഞതും ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാക്കുന്നതുമായ ശക്തമായ കാറ്റിനെ സംസ്ഥാന പ്രത്യേക ദുരന്ത (Strong Wind - State Specific Disaster) മായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ദുരന്തബാധിതർക്ക് നിലവിലുള്ള മാനദണ്ഡപ്രകാരം എസ്.ഡി.ആർ.എഫ്.-ൽ നിന്ന് അനുവദിക്കാവുന്ന ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ശക്തമായ കാറ്റിനെ (Strong Wind) സംസ്ഥാന സവിശേഷ ദുരന്തമായി (State Specific Disaster) അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിലുള്ള ദുരന്തബാധിതർക്ക് SDRF മാനദണ്ഡങ്ങൾക്കനുസൃതമായി ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത പ്രദേശങ്ങളിൽ

30.09.2026-ൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ SDRF -ൽ നിന്നുള്ള ഫണ്ട് വിതരണ നടപടികൾ ആവശ്യമായി വന്നിട്ടില്ല.

**(ഡി)** ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത തുക എത്രയെന്നും വ്യക്തമാക്കാമോ?

**മറുപടി:** 30.09.2026-ൽ ഈ പ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**